DESPATCHED
On.16/3/22...

9/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 249(7)/2015/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 1675/എസ്.ഐ.സി-ജി 6/2015)**

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. മുഹമ്മദ് ഫൈസൽ കെ.,
ഏലായിതൊടി ഹൗസ്,
വരിയാൽ, മുള്ളമ്പാറ, മഞ്ചേരി,
മലപ്പുറം ജില്ല – 676 121.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്, സബ് കളക്ടറുടെ കാര്യാലയം,
പെരിന്തൽമണ്ണ.

2. അപ്പീൽ അധികാരി&
സബ്കളക്ടർ,
പെരിന്തൽമണ്ണ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.09.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 24.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 31.01.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.02.2015 |
| ഹിയറിംഗ് നടന്ന തീയതി | 08.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. മുഹമ്മദ് ഫൈസൽ കെ., 31.01.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 02.02.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.249(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് ശരിയായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.09.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 08.10.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ഡി–3220/09 നമ്പർ സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും എന്നാൽ ടി ഫയൽ സംബന്ധിച്ച വിവരം ഡി. തൻപതിവേടിൽ എൽ.ഡി.സ്.ആയി തീർപ്പാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിക്കാണുന്നുവെന്നും എൽ.ഡി.സ്. ആയി തീർപ്പാക്കുന്ന ഫയലുകൾ ഒരു വർഷം മാത്രമേ സൂക്ഷിക്കേണ്ടതുള്ളുവെന്നും ടി ഫയൽ, നശിപ്പിക്കാനാണ് സാധ്യതയെന്നും എന്നാൽ പ്രസ്തുത ഫയൽ നശിപ്പിച്ചതായ രേഖകൾ ടി കാര്യാലയത്തിൽ ലഭ്യമല്ല എന്നും റിക്കോർഡ് പരിശോധിച്ചതിൽ ടി ഫയൽ കണ്ടെത്താനായിട്ടില്ല എന്ന വിവരമാണ് അറിയിച്ചത്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 14.10.2014ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 24.11.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ടി കാര്യാലയത്തിലെ ഡി.3220/09 നമ്പർ ഫയലിൽ 03.05.2009ന് ശ്രീമതി കദിയുമ്മ, D/o മുഹമ്മദ് ഹാജി, ഇരുമ്പുഴി എന്നവർക്ക് മണ്ണുനീക്കം ചെയ്യുന്നതിനുള്ള സമ്മതപത്രങ്ങൾ, വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടുകൾ അനുമതി പത്രം എന്നിവയുടെ പകർപ്പുകളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടി

അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡി സെക്ഷൻ തൻപതിവേട് പരിശോധിച്ചതിൽ പ്രസ്തുത ഫയൽ രേഖപ്പെടുത്തിയ കോളത്തിൽ 03.05.2009ന് അനുമതി നൽകി പ്രസ്തുത ഫയൽ എൽ.ഡിസ്(തൽക്കാല തീർപ്പ്) ആയി തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നുവെന്നും എൽ.ഡിസ് ആയി തീർപ്പാക്കുന്ന ഫയലുകൾ ഒരു വർഷം മാത്രമേ ഓഫിസിൽ സൂക്ഷിക്കേണ്ടതുള്ളുവെന്നും ടി ഫയൽ റിക്കാഡിലേയ്ക്ക് മാറ്റിയതായി തൻപതിവേടിൽ രേഖപ്പെടുത്തി കാണുന്നില്ലെന്നും എന്നിരുന്നാലും 30.09.2014, 01.10.2014, 02.10.2014, 03.10.2014 തീയതികളിൽ റിക്കാർഡ് റൂം പരിശോധിച്ചതിൽ പ്രസ്തുത ഫയൽ കണ്ടെത്താനായിട്ടില്ലെന്നും ആയതിനാൽ ഫയൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ടി രജിസ്റ്ററിൽ മേൽ നമ്പർ ഫയൽ നശിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടില്ലെന്നുമാണ്. ടി വിവരങ്ങൾ 08.10.2014ന് ഹർജിക്കാരനെ അറിയിച്ചിരുന്നുവെന്നും ടി മറുപടിയിൽ തൃപ്തനല്ലാത്തതിനാലാണ് ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും ടി അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ 11.11.2014, 15.11.2014 തീയതികളിൽ ഹർജിക്കാരനെ നേർവിചാരണ നടത്തുകയും ഡി.3220/09 നമ്പർ ഫയൽ കണ്ടെത്തുന്നതിനായി ടി കാര്യാലയത്തിലെ ഡി.സെക്ഷൻ ക്ലാർക്ക്, വി.എഫ്.എ. ഓഫീസ് അറ്റൻഡർ എന്നിവർ അടങ്ങിയ 3 അംഗ ടീമിനെ രൂപീകരിച്ച് റിക്കാഡ് റൂം, ഫയൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായെന്നുമാണ്. ഇപ്രകാരം മേൽ നിർദ്ദേശിച്ച കമ്മിറ്റി റിക്കാർഡു റൂം, ഫയൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട രജിസ്റ്റർ എന്നിവ പരിശോധിച്ച് പ്രസ്തുത ഫയൽ റിക്കാർഡിൽ കണ്ടെത്താനായില്ലെന്നും ഫയൽ നശിപ്പിച്ച വിവരം പ്രസ്തുത രജിസ്റ്ററിലും കണ്ടെത്താനായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്. ടി സാഹചര്യത്തിൽ എസ്.പി.ഐ.ഒ..യുടെ മറുപടിയുടെ അടിസ്ഥാനത്തിലും ടീം അംഗങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ഡി.3220/09 നമ്പർ ഫയലിന്റെ പകർപ്പ് ഇപ്പോൾ നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും മേൽസൂചിപ്പിച്ച പ്രകാരം അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകി യിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയക്ക് ശരിയായ വിവരങ്ങൾ ലഭിച്ചി ല്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് ലഭിച്ച മറുപടിയിൽ ടി ഫയൽ കണ്ടെത്താനായില്ല എന്നും പ്രസ്തുത ഫയൽ നശിപ്പിച്ച വിവരം രജിസ്റ്ററിൽ കണ്ടെത്താനായിട്ടില്ല എന്നുമാണ് മറുപടി നൽകിയതെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന പരാതി. മൊഴിയും അനു ബന്ധ രേഖകളും പരിശോധിച്ചതിൽ, ഓഫീസ് ഉത്തരവു പ്രകാരം ഒരു ടീം രൂപീകരിച്ച് പ്രസ്തുത ഫയൽ തെരഞ്ഞ് കണ്ടുപിടിച്ച് ഒരാഴ്ചയ്ക്കകം ഹർജിക്കാരന് മറുപടി നൽകണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. **മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 09-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.**

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**
Ge/